"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോട്ടയം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. ദീപ എൽ.എസ്. - നെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1772/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/09/2020

---

പരാമർശം:- 1 19.08.2018 തീയതിയിലെ സ.ഉ.(സാധാ.) നം. 2287/2018/ത.സ്വ.ഭ.വ.

2 ശ്രീമതി. ദീപ എൽ.എസ്. സമർപ്പിച്ച 10.12.2018 തീയതിയിലെ അപ്പീൽ

3 നഗരകാര്യ ഡയറക്ടറുടെ 01.06.2020 തീയതിയിലെ വി1-14747/2015 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം നഗരസഭയിൽ പാരിതോഷികങ്ങൾ കൈപ്പറ്റി നഗരസഭാ ജീവനക്കാരുടെ അറിവോടുകൂടി അനധികൃതമായി കശാപ്പ് ശാല പ്രവർത്തിക്കുന്നുവെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 24/09/2014 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ശ്രീമതി. ദീപ എൽ.എസ്.-നെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം ഒന്ന് പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് തീർപ്പാക്കിയിരുന്നു.

2. ശ്രീമതി. ദീപ എൽ. എസ്. ന്റെ ഭാഗത്തു നിന്നും യാതൊരുവിധ മേൽനോട്ട വീഴ്ചയും വന്നിട്ടില്ലാത്തതാണെന്നും സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനും പ്രമോഷൻ തടയുന്നതിനും വേണ്ടി ശ്രമിച്ചിട്ടുള്ളതുമാണെന്നും ടിയാരി പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയ ഉത്തരവ് പുനഃപരിശോധിച്ച് ശിക്ഷാ നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

3. മേൽ വിഷയത്തിൽ ശ്രീമതി. ദീപ എൽ എസ് ന്റെ പേരിൽ മേൽനോട്ട വീഴ്ചയാണ് ആരോപിച്ചിട്ടുള്ളതെന്നും നഗരസഭാ സെക്രട്ടറിയുടെ അധികാരങ്ങൾ ഭരണ നിർവ്വഹണ സൗകര്യാർത്ഥം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്തിരുന്നതായി ടിയാരി രേഖകൾ സഹിതം മറുപടി നൽകിയിരുന്നതാണെന്നും എന്നാൽ അനധികൃത അറവുശാലകൾ സംബന്ധിച്ചുള്ള വിഷയമായതിനാലാണ് ടിയാരിക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് കാണുന്നതെന്നും ടി വിവരിച്ച വസ്തുതകൾ പരിഗണിച്ച് അപ്പീൽ ഹർജിയിന്മേൽ സർക്കാർതലത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ദീപ എൽ.എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും കണക്കിലെടുത്ത് ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട്

തീർപ്പാക്കിയ പരാമർശം ഒന്നിലെ ഉത്തരവ് പുന:പരിശോധിച്ച്, ശിക്ഷ ഇളവ് ചെയ്ത് "താക്കീത്" നൽകി തീർപ്പാക്കി ഉത്തരവാകുന്നു. ശ്രീമതി. ദീപ എൽ.എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷ ഇപ്രകാരം തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ശ്രീമതി. ദീപ എൽ.എസ്., ജോയിന്റ് സെക്രട്ടറി സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിജിലൻസ് വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ